# കേരള കാർഷിക സർവകലാശാല

## ബി. എസ് സി. (ഓണേഴ്സ്) ഹോർട്ടികൾച്ചർ

### പ്രവേശനത്തിനുള്ള

## വിജ്ഞാപന പത്രിക

(കാർഷിക കോളേജ്)


കേരള കാർഷിക സർവകലാശാല, വെള്ളാനിക്കര

തൃശ്ശൂർ, കേരളം)

## 2024-2025

അപേക്ഷ സമർപ്പിക്കുന്നതിനായി സർവ്വകലാശാല
വെബ് പോർട്ടൽ www.admissions.kau.in സന്ദർശിക്കുക







Shot on OnePlus




**ആമുഖം**

ഇന്ത്യയുടെ തെക്ക് – പടിഞ്ഞാറേ അറ്റത്ത് സ്ഥിതി ചെയ്യുന്ന കേരളം ജൈവവൈവിധ്യത്താൽ നിറവാർന്നതും വൈവിധ്യമാർന്ന കാർഷിക സമൃദ്ധിയും ഉൾക്കൊള്ളുന്ന നാടാണ്. പശ്ചിമഘട്ട മലനിരകളാൽ പ്രകൃതി സൗന്ദര്യവും, ഉഷ്ണ-മിതോഷ്ണ കാലാവസ്ഥ വൈവിധ്യവും ഇവിടെ സ്വർഗ്ഗം തീർത്തിരിക്കുന്നു. കേരളത്തിൻറെ കാർഷിക സമൃദ്ധിക്ക് തോട്ടവിളകളായ തെങ്ങ്, കവുങ്ങ്, റബ്ബർ, ഫലവൃക്ഷങ്ങൾ, പച്ചക്കറികൾ, പുഷ്പങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ, ഔഷധസസ്യങ്ങൾ, എന്നിവ മുഖ്യ സ്ഥാനം വഹിക്കുന്നു. കേരളത്തിലെ കൃഷിയിടത്തിന്റെ 90 ശതമാനവും തോട്ട വിളകളാൽ സമ്പുഷ്ടമാണ്. ഇവിടത്തെ സുഗന്ധവ്യഞ്ജനങ്ങൾ പുരാതനകാലം മുതൽക്ക് തന്നെ യൂറോപ്പ്യൻ സഞ്ചാരികളെ ആകർഷിച്ചിരുന്നു. സുഗന്ധവ്യഞ്ജന വ്യാപാരത്തിന് കേരളം പ്രാചീന കാലം മുതൽക്കേ പ്രസിദ്ധിയാർജ്ജിച്ചതാണ്. ഇന്ത്യയുടെ ജാതി ഉത്പാദനത്തിന്റെ 90%വും, ഏലത്തിന്റെ 76%വും, റബ്ബറിന്റെ 67%വും, കുരുമുളകിൻറെ 33%വും, തെങ്ങിൻറെ 27 ശതമാനവും കേരളത്തിലാണ്. സംസ്കരിച്ച പഴം പച്ചക്കറി എന്നിവയുടെ കയറ്റുമതിയിൽ നിന്നും കേരളം 2023–2024 കാലഘട്ടത്തിൽ 2251.82 കോടി രൂപയാണ് വിറ്റു വരവ് നേടിയിട്ടുള്ളത്.

കേരള കാർഷിക സർവകലാശാലയുടെ പരിസരത്തായി നിരവധി കാർഷിക നഴ്സറികൾ പ്രവർത്തിച്ചു വരുന്നു. ഹോർട്ടികൾച്ചറൽ പ്രൊഫഷണലുകൾക്ക് കായിക പ്രജനന മേഖലയിലും തോട്ടവിള പരിപാലന മേഖലയിലും പുഷ്പ കൃഷിയിലും പൂന്തോട്ട നിർമ്മിതിയിലും ഉത്പ്പന്ന വൈവിധ്യവൽക്കരണത്തിലും ധാരാളം സംരംഭക സാധ്യതകൾ ഉണ്ട്. കൃഷിവകുപ്പ്, വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ കേരളം, വിവിധ കമ്മോഡിറ്റി ബോർഡുകൾ, അഗ്രികൾച്ചർ സയൻസ് റിക്രൂട്ട്മെൻറ് ബോർഡ്, തുടങ്ങി സർക്കാർ മേഖലയിലും ജോലി സാധ്യതകൾ ഏറെയാണ്.

കേരള കാർഷിക സർവകലാശാലയിൽ ആരംഭിക്കുന്ന 4 വർഷ ബി. എസ് സി. ഹോർട്ടികൾച്ചർ ബിരുദ കോഴ്സ് *ഐ.സി.എ.ആർ ആറാമത് ഡീൻസ് കമ്മിറ്റി* റിപ്പോർട്ട് അടിസ്ഥാനമാക്കിയുള്ളതാണ്. ഈ മേഖലയിൽ സമഗ്രമായ അക്കാദമിക് മികവിന് ഉതകുന്ന വണ്ണം രൂപപ്പെടുത്തിയിട്ടുള്ള കോഴ്സ് വിദ്യാർത്ഥികളെ വിവിധ സർക്കാർ – സ്വകാര്യ മേഖലയിൽ തൊഴിൽ നേടുന്നതിന് പ്രാപ്തരാക്കുന്നതോടൊപ്പം കാർഷിക സംരംഭങ്ങൾ തുടങ്ങുന്നതിനും കാര്യശേഷി ഉള്ളവരാക്കുകയും ചെയ്യും. ഹോർട്ടികൾച്ചർ വ്യവസായം, ഭക്ഷ്യ സംസ്കരണം, കയറ്റുമതി എന്നീ മേഖലകളിൽ പ്രാവീണ്യമുള്ള ഉദ്യോഗാർത്ഥികളെ അനിവാര്യമാണ്. ഈ മേഖലകളിൽ ഉയർന്നുവരുന്ന വെല്ലുവിളികളെ നേരിടുവാൻ പ്രാപ്തരാക്കുന്ന വിധം ആണ് ഈ കോഴ്സ് രൂപകൽപന ചെയ്തിട്ടുള്ളത്.

പാഠ്യപദ്ധതിയിൽ കോർ കോഴ്സുകൾ, നൈപുണ്യ വികസന കോഴ്സുകൾ, കൂടുതൽ ആഴത്തിലുള്ള അറിവ് നേടുന്നതിനായി തിരഞ്ഞെടുക്കാവുന്ന കോഴ്സുകൾ, ജീവിത നൈപുണ്യം വർദ്ധിപ്പിക്കുന്നതിനുള്ള കോഴ്സുകൾ എന്നിവ അടങ്ങിയിരിക്കുന്നു. തോട്ടവിളകൾ, സുഗന്ധവ്യഞ്ജനങ്ങൾ, ഫലവൃക്ഷങ്ങൾ, പച്ചക്കറികൾ, പുഷ്പ വിളകൾ, ഔഷധ, പരിമള സസ്യങ്ങൾ എന്നിവയുടെ ശാസ്ത്രീയ പരിപാലന മുറകളും അവയുടെ വിളവെടുപ്പും വിളവെടുപ്പാനന്തര പരിചരണവും, സംബന്ധിച്ച വിവിധ കോഴ്സുകൾ ഉണ്ട്. മറ്റ് വിഷയങ്ങളായ അഗ്രോണോമി, മണ്ണ് ശാസ്ത്രം, സസ്യ സംരക്ഷണം, ജനിതക ശാസ്ത്രം, ജൈവ സാങ്കേതിക വിദ്യ, സാമൂഹികശാസ്ത്രം, വിജ്ഞാന വ്യാപനം, സാമ്പത്തിക ശാസ്ത്രം, തുടങ്ങി വിവിധങ്ങളായ കോഴ്സുകൾ ഈ പാഠ്യപദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഗുണമേന്മയുള്ള വിദ്യാഭ്യാസം, പ്രായോഗികതയിൽ ഊന്നിയ പഠനം എന്നിവയിലൂടെ ഭാവി പ്രതിസന്ധികളെ നേരിടുവാൻ പ്രാപ്തരാക്കുന്ന വിധമാണ് ഈ നാലു വർഷ ബിരുദ കോഴ്സ് വിഭാവനം ചെയ്തിട്ടുള്ളത്.

**ലക്ഷ്യങ്ങൾ**

* ഹോർട്ടികൾച്ചർ സയൻസിൽ മാനവവിഭവശേഷി വികസനം
* ഉപരിപഠനത്തിനു ഹോർട്ടികൾച്ചർ ബിരുദധാരികളെ പ്രാപ്തരാക്കുക
* ഹോർട്ടികൾച്ചർ സയൻസിൻ്റെ വിവിധ ശാഖകളിൽ വിദ്യാർത്ഥികളെ ഗവേഷണത്തിന് പര്യാപ്തമാക്കുക
* വിദ്യാർത്ഥികളെ ഹോർട്ടികൾച്ചർ മേഖലയിൽ നൂതന ആശയങ്ങൾ വികസിപ്പിക്കാൻ പര്യാപ്തമാക്കുക
* ഹോർട്ടികൾച്ചർ മേഖലയിൽ നൂതന സംരഭകരെ വാർത്തെടുക്കുക

**കോഴ്സിൻ്റെ വിശദാംശങ്ങൾ**

| | | |
|---|---|---|
| a. | **കോഴ്സിന്റെ പേര്** | ബി. എസ് സി. (ഓണേഴ്സ് ) ഹോർട്ടികൾച്ചർ |
| b. | **സ്ഥാപനത്തിൻറെ പേര്** | കാർഷിക കോളേജ്,<br>കേരള കാർഷിക സർവകലാശാല, വെള്ളാനിക്കര, തൃശ്ശൂർ 680656 |
| c. | **സീറ്റുകളുടെ എണ്ണം** | 40<br>(32 സീറ്റുകൾ നീറ്റ്-കീം മെഡിക്കൽ റാങ്ക് ലിസ്റ്റിൽ നിന്നും +<br>8 സീറ്റുകൾ സി.യു. ഇ.ടി. –ഐ.സി.എ.ആർ (യു. ജി) റാങ്ക് ലിസ്റ്റിൽ നിന്നും)<br>(20% സീറ്റുകൾ സി.യു.ഇ.ടി.–ഐ.സി.എ.ആർ (യു. ജി ) 2024<br>വിദ്യാർത്ഥികൾക്കായി സംവരണം ചെയ്തിട്ടുണ്ട് |
| d. | **കോഴ്സിന്റെ കാലാവധി** | 4 വർഷം (8 സെമസ്റ്ററുകൾ) |
| e. | **യോഗ്യത** | നീറ്റ്-കീം മെഡിക്കൽ റാങ്ക് (2024)/<br>അഥവാ സി.യു.ഇ.ടി (ഐ.സി.എ.ആർ-യു.ജി) 2024 റാങ്ക് |
| | **ഫീസ് ഘടന** * | |
| | **പ്രവേശന ഫീസ്** | Rs.4,000/- (ഒറ്റത്തവണ മാത്രം) |

| | | |
|---|---|---|
| f. | **കോളേജ് കോഷൻ ഡെപ്പോസിറ്റ് (റീഫണ്ട്/ തിരികെ നൽകുന്നതാണ്)** | Rs.2,00,000/- (ഒറ്റത്തവണ മാത്രം) |
| | **സെമസ്റ്റർ ഫീസ്** | |
| | **ട്യൂഷൻ ഫീസ്** | Rs.97,760/- |
| | **സെമസ്റ്റർ പരീക്ഷ ഫീസ്** | Rs.640/- |
| | **സ്പെഷ്യൽ ഫീ** | Rs.1,600/- |
| | **ആകെ തുക** | Rs.1,00,000/- (ഓരോ സെമസ്റ്ററും) |
| g. | **പഠന മാധ്യമം** | ഇംഗ്ലീഷ് |
| h. | **ഹോസ്റ്റൽ താമസം** | ക്യാമ്പസിനുള്ളിൽ താമസിക്കാൻ പരിമിതമായ സൗകര്യങ്ങൾ മാത്രമാണുള്ളത്. അതിനാൽ, വിദ്യാർത്ഥികൾക്ക് ക്യാമ്പസിൻ്റെ പരിസരത്ത് സ്വന്തമായി താമസസൗകര്യം ക്രമീകരിക്കാം. |
| i. | **തിരഞ്ഞെടുപ്പ് രീതി** | നീറ്റ്-കീം (2024) മെഡിക്കൽ റാങ്ക് ലിസ്റ്റിൻ്റെ അടിസ്ഥാനത്തിൽ ആയിരിക്കും തിരഞ്ഞെടുപ്പ്. കീം വിജ്ഞാപന പത്രിക-2024 അടിസ്ഥാനമാക്കി സാമുദായിക സംവരണം ഉണ്ടായിരിക്കും.<br>20% സീറ്റുകൾ സി.യു.ഇ.ടി. (ഐ.സി.എ.ആർ-യു.ജി) 2024 വിദ്യാർത്ഥികൾക്കായി സംവരണം ചെയ്തിട്ടുണ്ട്. |
| j. | **അദ്ധ്യാപന/ മൂല്യനിർണ്ണയ സമ്പ്രദായം** | കേരള കാർഷിക സർവ്വകലാശാലയുടെ ക്രെഡിറ്റ് അടിസ്ഥാനമാക്കിയുള്ള നിലവിലെ സെമസ്റ്റർ സിസ്റ്റം മാതൃക |

* ഫീസ് യഥാകാലങ്ങളിൽ പരിഷ്കരിക്കുന്നതിന് സർവകലാശാലക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

## അഡ്മിഷൻ സമയക്രമം

| | | |
|---|---|---|
| 1. | പ്രവേശന വിജ്ഞാപന തീയതി | **തീയതികൾ കേരള കാർഷിക സർവകലാശാല വെബ് പോർട്ടലിൽ പ്രസിദ്ധീകരിക്കുന്നതാണ്**<br>www.kau.in<br>www.admissions.kau.in |
| 2. | ഓൺലൈൻ അപേക്ഷാ സമർപ്പണ തീയതി | |
| 3. | ഓൺലൈൻ അപേക്ഷാ സമർപ്പണത്തിനുള്ള അവസാന തീയതി | |
| 4. | റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരണ തീയതി | |
| 5 | പ്രവേശന തീയതി | |
| 6 | ക്ലാസുകൾ ആരംഭിക്കുന്ന തീയതി | |

## അധിക വിവരങ്ങൾക്ക്:

| | |
|---|---|
| **ഡോ. പി. അനിത**<br>**(കോഴ്സ് കോർഡിനേറ്റർ)**<br>പ്രൊഫസർ & ഹെഡ്<br>തോട്ട സുഗന്ധ വിള വിഭാഗം<br>കാർഷിക കോളേജ്<br>കേരള കാർഷികസർവകലാശാല, വെള്ളാനിക്കര<br>തൃശ്ശൂർ<br>Mobile:9496 320 212<br>cohpcs@kau.in | **ഡോ. സജി ഗോമസ്**<br>**(കോഴ്സ് കോർഡിനേറ്റർ)**<br>പ്രൊഫസർ & ഹെഡ്,<br>ഡിപ്പാർട്ടമെന്റ് ഓഫ് പോസ്റ്റ് -ഹാർവെസ്റ്റ് ടെക്നോളജി<br>കാർഷിക കോളേജ്<br>കേരള കാർഷികസർവകലാശാല,<br>വെള്ളാനിക്കര തൃശ്ശൂർ<br>Mob: 9495 866 891<br>cohptech@kau.in |
| **ഡോ. നായർ സുനിൽ അപ്പുക്കുട്ടൻ**<br>**(കോഴ്സ് കോർഡിനേറ്റർ)**<br>അസിസ്റ്റന്റ് പ്രൊഫസർ<br>തോട്ട സുഗന്ധ വിള വിഭാഗം<br>കാർഷിക കോളേജ്<br>കേരള കാർഷികസർവകലാശാല, വെള്ളാനിക്കര തൃശ്ശൂർ<br>sunil.a@kau.in<br>Mobile :9447583467 | |
| *പ്രവേശനവുമായി ബന്ധപ്പെട്ട സംശയ നിവാരണത്തിന് +91 487-243 8139 എന്ന നമ്പറിൽ (പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകീട്ട് 5വരെ) ബന്ധപ്പെടാവുന്നതാണ്.*<br>ഇമെയിൽ : *hqreduf@kau.in* | |

**വിദ്യാഭ്യാസ ഡയറക്ടർ**